കഴിഞ്ഞിട്ടുണ്ട്. 1-2-2010 മുതൽ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പുതിയ ഇൻസെന്റീവ് സ്കീം കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നൽകിതുടങ്ങിയിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ അഞ്ച് മേഖലാ ഓഫീസുകൾ ആരംഭിച്ചു. ദീർഘദൂര സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ ആരംഭിച്ചിട്ടുണ്ട്. നോട്ടിഫൈഡ് റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. കെ.എം.പി.എൽ. വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസ് കാര്യക്ഷമമാക്കുകയും ഡ്രൈവർമാർക്ക് ഇതിനായി പ്രത്യേക പരിശീലനം നൽകിവരികയുമാണ്. ഇതിന്റെ ഫലമായി 2005-ൽ കെ.എം.പി.എൽ. 3.84 ആയിരുന്നത് ഇപ്പോൾ 4.27 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

അപകടം ഒഴിവാക്കുന്നതിനായും തൻമൂലം ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനുമായി ബസുകളിൽ സ്പീഡ് ഗവർണർ ഘടിപ്പിക്കുകയും ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകിവരികയുമാണ്. കേരളത്തിൽ അപകടനിരക്ക് അഖിലേന്ത്യാ നിലവാരത്തിന്റെ മൂന്നിരട്ടിയോളം ഉള്ള സമയത്ത് കെ.എസ്.ആർ.ടി.സി.യുടെ അപകടനിരക്ക് അഖിലേന്ത്യാ അപകട ശരാശരിയിലും താഴെയെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അപകടം പറ്റിയ യാത്രക്കാർക്ക് ആനുകൂല്യം താമസംവിനാ ലഭ്യമാക്കുന്നതിനായി ബസുകൾ ഇൻഷ്വർ ചെയ്യുന്നുണ്ട്. പുതിയ ബസുകളും ഫാസ്റ്റ് പാസഞ്ചർ മുതലുള്ള ഉയർന്ന ക്ലാസ്സ് ബസുകളും ഇൻഷ്വർ ചെയ്ത് കഴിഞ്ഞിട്ടുണ്ട്.

ലഭ്യമായ വിധത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും പ്രധാനപ്പെട്ട റൂട്ടുകളിൽ ചെയിൻ സർവ്വീസ് ആരംഭിച്ചും മേൽ സൂചിപ്പിച്ച സംവിധാനങ്ങളിലൂടെയും കൂടുതൽ കാര്യക്ഷമമായി ബസ് സർവ്വീസ് നടത്താൻ ശ്രമിച്ചുവരികയാണ്.

നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ്

87 (2186) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയെ ഷോപ്പിംഗ് കോംപ്ലക്സോടുകൂടി നവീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയെ ഷോപ്പിംഗ് കോംപ്ലക്സോടുകൂടി നവീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നെടുമങ്ങാട് ഒരു പുതിയ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ബോർഡ് അംഗീകരിച്ച് ഡിസൈൻ മുനിസിപ്പാലിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകഴിഞ്ഞു. അംഗീകാരം കിട്ടുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മുനിസിപ്പാലിറ്റിയുടെയും ചീഫ് ടൗൺ പ്ലാനറുടെയും അംഗീകാരം കിട്ടിയാൽ ഉടൻ ടെൻഡർ നടത്തി പണികൾ ആരംഭിക്കുന്നതാണ്.

പാലക്കാട്-മണ്ണമ്പറ്റ വഴിയുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കാൻ നടപടി

88 (2187) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-മണ്ണമ്പറ്റ വഴി ശ്രീകൃഷ്ണപുരത്തേക്ക് നേരത്തെ ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.യുടെ ബസ്സ് സർവ്വീസ് പുനരാരംഭിക്കണമെന്നത് സംബന്ധിച്ച് പല പ്രാവശ്യം നിവേദനങ്ങൾ ശ്രീകൃഷ്ണപുരം എം.എൽ.എ. നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് തീരുമാനമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിലെ ഏത് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥിതി ചെയ്യുന്നതും സാമ്പത്തികമായി വളരെയധികം പിന്നോക്കാവസ്ഥയിലുള്ള ജനങ്ങൾ താമസിക്കുന്നതുമായ മണ്ണമ്പറ്റയിൽ അടിയന്തരമായി പാലക്കാട്-മണ്ണമ്പറ്റ വഴി ശ്രീകൃഷ്ണപുരത്തേക്ക് കെ.എസ്.ആർ.ടി.സി.യുടെ ബസ്സ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് യൂണിറ്റിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന കൊളക്കാട്ട് കുർശ്ശി സർവ്വീസ് മണ്ണാർക്കാട് ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങിയപ്പോൾ മണ്ണാർകാടേക്ക് മാറ്റുകയും മണ്ണാർകാട്-പാലക്കാട്-ശ്രീകൃഷ്ണപുരം സർവ്വീസായി ഓപ്പറേറ്റ് ചെയ്യുകയും ഉണ്ടായി. എന്നാൽ ആറ് സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകി. ഈ റൂട്ടിലൂടെ ഓടിത്തുടങ്ങിയതോടെ കെ.എസ്.ആർ.ടി.സി. ബസ്സിന്റെ വരുമാനം കുറയുകയും തുടർന്ന് സർവ്വീസ് നിർത്തിവക്കുകയും ഉണ്ടായി. വരുമാനക്കുറവു കാരണം നിർത്തിവച്ച സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly